I ഇ.ബി. XII - കേരള നിയമസഭ/XV-4

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 1, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

പാഠപുസ്തക വിതരണത്തിലെ ക്രമക്കേട്

മി. സ്പീക്കർ: സംസ്ഥാനത്തെ 40 ശതമാനത്തിലേറെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ലഭിക്കാത്തതും പാഠപുസ്തകവിതരണത്തിലെ തകരാറും കാരണം വിദ്യാഭ്യാസ മേഖലയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, ജോസഫ് എം. പുതുശ്ശേരി, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.ബി. ഗണേഷ്കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പുതിയ സംവിധാനത്തിലൂടെ പാഠപുസ്തകങ്ങൾ വിതരണം നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാനത്തിലെ വിവിധ വകുപ്പുകളുടെയും പോസ്റ്റൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റിന്റെയും സഹായം ലഭിച്ചിട്ടുണ്ട്. ഈ വർഷം ഒന്നും രണ്ടും ഭാഗങ്ങൾ ചേർത്ത് 45051500 പാഠപുസ്തകങ്ങൾ അച്ചടിക്കേണ്ടതിൽ 31124000 പാഠപുസ്തകങ്ങൾ ആദ്യഘട്ടത്തിൽ അച്ചടിച്ചു. ഒന്നാം ഘട്ടത്തിൽ ഇതിനകം 29975318 പുസ്തകങ്ങൾ പുതിയ സംവിധാനത്തിലൂടെ സ്ക്കൂളുകളിൽ എത്തിച്ചു കഴിഞ്ഞു. 40 ശതമാനത്തിലേറെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമായിട്ടില്ലെന്നുപറയുന്നത് ശരിയല്ല. പാഠപുസ്തക വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യ വർഷം ചില പാകപ്പിഴകൾ ഉണ്ടാകുമെങ്കിലും പുതിയ സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചാൽ തുടർന്നുവരുന്ന വർഷങ്ങളിൽ പരാതിക്കിടവരാത്തവിധം പാഠപുസ്തക വിതരണം നടത്താൻ സാധിക്കും. സഭാനടപടികൾ നിറുത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. പി.സി. വിഷ്ണുനാഥ്: പുതിയ അദ്ധ്യയനവർഷം ആരംഭിച്ച് ഒരു മാസം കഴിഞ്ഞിട്ടും പാഠപുസ്തകങ്ങൾ സ്ക്കൂളുകളിൽ ലഭിച്ചിട്ടില്ല. 265 ടൈറ്റിലുകളിലായി നാലര കോടിയിലേറെ പാഠപുസ്തകങ്ങളാണ് സംസ്ഥാനത്തെ സ്ക്കൂളുകളിൽ വിതരണം ചെയ്യേണ്ടത്. വർഷങ്ങളായി ഡി.ഇ.ഒ.യുടെ കീഴിലുള്ള ബുക്ക് ഡിപ്പോകളിൽ കൂടി നടത്തിവന്നിരുന്ന പാഠപുസ്തക വിതരണ സംവിധാനം മാറ്റിയിട്ടാണ് ഈ വർഷം മുതൽ

അശാസ്ത്രീയമായ സംവിധാനം നടപ്പിലാക്കിയത്. ചവറ, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ സ്കൂളുകളിൽ വേണ്ടത്ര പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ല. പാലക്കാട് ജില്ലയിൽ കന്നട പുസ്തകവും മലപ്പുറത്ത് മലയാളം മീഡിയം സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം പുസ്തകങ്ങളുമാണ് ലഭിച്ചത്. മലപ്പുറം സ്കൂളിലേയ്ക്കുള്ള ഇന്റെന്റ് എത്തിയത് ആലപ്പുഴ ജില്ലയിലാണ്. പാഠപുസ്തകവിതരണച്ചുമതല തപാൽ വകുപ്പിനെ ഏൽപ്പിക്കുന്നതിനുമുമ്പ് ശാസ്ത്രീയമായിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ടും ഓൺലൈനായി റിപ്പോർട്ട് ചെയ്യാനാവശ്യമായ പരിശീലനം അദ്ധ്യാപകർക്ക് നൽകാത്തതിനാലുമാണ് ഒരു ജില്ലയ്ക്കുവേണ്ടി കൊടുക്കുന്ന ഇന്റെന്റ് മറ്റൊരു ജില്ലയിലേയ്ക്ക് പോകാനിടയാകുന്നത്. തപാൽ വകുപ്പിന് ഒരു കിലോഗ്രാമിന് 9.60 രൂപ വച്ചാണ് പാഠപുസ്തകവിതരണത്തിന് കോൺട്രാക്ട് കൊടുത്തിട്ടുള്ളത്. ഇത് സംബന്ധിച്ച് ആലപ്പുഴ പോസ്റ്റ്ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ കെ. ബി. പി. എസ്. ഏൽപ്പിച്ച പുസ്തകങ്ങൾ മുഴുവൻ വിതരണം ചെയ്തിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. കെ. ബി. പി. എസ്.-ൽ ഇനിയും അച്ചടി പൂർത്തിയാക്കാനുണ്ട്. 10-ാം ക്ലാസ്സിലെ ഐ. ടി., ഹിന്ദി, ഇംഗ്ലീഷ് എന്നീ പുസ്തകങ്ങൾ ഇനിയും പല സ്കൂളുകളിലും വിതരണം ചെയ്യാനുണ്ട്. ഡി. ഇ. ഒ.-മാരോട് ഡി.പി.ഐ. പറഞ്ഞിരിക്കുന്നത് തപാൽ വകുപ്പിലൂടെയുള്ള സംവിധാനം പരാജയപ്പെട്ടുവെന്നും സ്കൂളുകളിലെ സൊസൈറ്റിയിൽനിന്നും കണക്കെടുത്തശേഷം ബാക്കി പാഠപുസ്തകങ്ങൾ വിതരണം നടത്തണമെന്നുമാണ്. ഇതിന് വളരെയധികം കാലതാമസമുണ്ടാകും. കഴിഞ്ഞകൊല്ലം

തിരിച്ചുവാങ്ങിയ അദ്ധ്യാപകസഹായി ഇനിയും നൽകിയിട്ടില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : പാഠപുസ്തകവിതരണം നൂറ് ശതമാനവും പൂർത്തിയായിട്ടില്ല. അൺ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് ഗവൺമെന്റ് ഡിപ്പോയിൽനിന്നും പുസ്തകങ്ങൾ വാങ്ങി വിതരണം ചെയ്യേണ്ടത് അതാത് മാനേജ്മെന്റാണ്. പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി പാഠപുസ്തകവിതരണം നടത്തുന്ന പുതിയ സംവിധാനത്തിൽ പോരായ്മകളുണ്ടെങ്കിൽ അടുത്ത വർഷം അത് തിരുത്താൻ കഴിയും. ആഗോളാടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തെക്കുറിച്ച് നടന്നിട്ടുള്ള ചർച്ചകളിൽ ഉയർന്നുവന്നിട്ടുള്ള കാഴ്ചപ്പാടിനനുസരിച്ച് നിയോഗിക്കപ്പെട്ട ഡോ. യശ്പാലിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ആവിഷ്ക്കരിച്ച് പ്രസിദ്ധീകരിച്ച ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് കേരളത്തിന് അനുയോജ്യമായ പാഠ്യപദ്ധതി ഉണ്ടാക്കിയിരിക്കുന്നത്. അദ്ധ്യാപകസഹായി കൃത്യസമയത്ത് വിതരണം ചെയ്യണമെന്ന അഭിപ്രായത്തോട് യോജിക്കുന്നു. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് പൂർത്തിയാക്കാനും പൂർത്തിയായത് എത്രയുംവേഗം വിതരണം ചെയ്യാനുമാവശ്യമായ നടപടി സ്വീകരിക്കണം. പാഠപുസ്തകവിതരണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2010 ജൂലൈ് മാസത്തിൽ പാഠപുസ്തക വിതരണം പൂർത്തിയാക്കുന്നതാണ്.

(അടിയന്തിരപ്രമേയ അവതരണത്തിന് അനുമതി നിഷേധിച്ചു.)

## മുഖ്യമന്ത്രിയുടെ വിശദീകരണം

ഏകജാലകപ്രവേശനം

(30-06-2010-ന് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച സബ്മിഷൻ)

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേരള എസ്.എസ്.എൽ. സി.-യുടെ ഫലം പുറത്തുവന്ന് മൂന്ന് ആഴ്ച കഴിഞ്ഞ് സി.ബി.എസ്.ഇ. ഫലം വന്നതുകൊണ്ടാണ് സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ പ്ലസ് ടു പ്രവേശനത്തിന് കാലതാമസമുണ്ടായത്. ഏകജാലക സംവിധാനത്തിൽ മാറ്റം വരുത്താതെതന്നെ അവരുടെ അഡ്മിഷന്റെ പ്രശ്നം പരിഹരിക്കാൻ കഴിയുന്നതാണ്. ആദ്യഘട്ട അലോട്ട്മെന്റ് കഴിഞ്ഞ് സപ്ലിമെന്ററി അലോട്ട്മെന്റിന് ഇരുപതിനായിരത്തിൽപ്പരം സീറ്റുകൾ ഉണ്ടാകാറുണ്ട്. അതിലേയ്ക്ക് 2010 ജൂലൈ 20-നകം അലോട്ട്മെന്റ് നൽകി ആഗസ്റ്റ് 10-നകം പ്രവേശനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): പ്ലസ് ടു പ്രവേശനത്തിന് ഇനി അഞ്ച് ശതമാനം സീറ്റുകൾ മാത്രമേയുള്ളൂ എന്നതുകൊണ്ട് സി.ബി. എസ്.ഇ. വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള ഓപ്ഷൻ ലഭിക്കാനുള്ള സാധ്യതയില്ല. ആദ്യത്തെ അലോട്ട്മെന്റ് കഴിയുമ്പോൾ തന്നെ പ്രധാനപ്പെട്ട ഓപ്ഷനുകളിലുള്ള സീറ്റുകൾ ഫില്ലാകുമെന്നതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം

കാണുന്നതിന് സംസ്ഥാനത്തെ സ്ക്കൂളുകളിൽ പ്ലസ് ടു സീറ്റുകൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ശ്രദ്ധ ക്ഷണിക്കൽ**

(1) വന്യമൃഗങ്ങളുടെ ആക്രമണം

ശ്രീ. ആര്യാടൻ മുഹമ്മദ്: കേരളത്തിൽ വനത്തോട് ചേർന്ന പ്രദേശങ്ങളിൽ അധിവസിക്കുന്നവർ നേരിടുന്ന പ്രശ്നമാണ് വന്യമൃഗങ്ങളുടെ ആക്രമണം. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ പത്തോളം ആളുകളെ കാട്ടാന കൊന്നു. കുറച്ച് മാസങ്ങൾക്ക് മുമ്പ് വനം വകുപ്പിലെ ഉദ്യോഗസ്ഥരും പഞ്ചായത്ത് പ്രസിഡന്റുമാരും പങ്കെടുത്ത കോൺഫറൻസിൽ ആനകളുടെ ആക്രമണം ഉണ്ടാകുന്ന ഏരിയകളിൽ ട്രെഞ്ച് കുഴിക്കാനും അതിനുവേണ്ടി തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് പണം മാറ്റിവയ്ക്കാനും തീരുമാനിച്ചെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നിലമ്പൂർ നിയോജകമണ്ഡലത്തിലെ പല പഞ്ചായത്തുകളിലേയും കൃഷി വന്യമൃഗങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. പോത്തുകൽ പഞ്ചായത്തിൽ മാത്രം കൃഷിക്കാർക്ക് 5 കോടിയോളം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഒരു നിയമസഭാ കമ്മിറ്റി ആ പ്രദേശം സന്ദർശിച്ചാൽ കാര്യങ്ങൾ വ്യക്തമാകും. അവിടെ ഫെൻസിംഗ് പ്രായോഗികമല്ല, ട്രെഞ്ച് കീറാൻ തന്നെ നടപടി സ്വീകരിക്കണം. കാട്ടുമൃഗങ്ങളുടെ ആവാസ കേന്ദ്രമാണെന്ന് പറഞ്ഞ് അവിടെയുള്ള ഗിരിജനങ്ങൾക്ക് വീടു വയ്ക്കാനോ കുടിവെള്ള പദ്ധതി നടപ്പിലാക്കാനോ വനം വകുപ്പ് ഉദ്യോഗസ്ഥർ അനുവദിക്കുന്നില്ല. ഈ

അവസ്ഥയ്ക്കും പരിഹാരമുണ്ടാക്കണം. ചോക്കാട് എന്ന സ്ഥലത്ത് പി.എം.ജി.എസ്.വൈ.യിൽ രണ്ടു കോടി രൂപ മുടക്കി റോഡ് ടാർ ചെയ്യാൻ തീരുമാനിച്ചിട്ട് ഇപ്പോൾ നിയമ തടസ്സം പറയുന്ന അവസ്ഥയ്ക്കും പരിഹാരം കാണണം.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കാട്ടാനകളുടെ ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതാണ്. പാമ്പ് കടിയേറ്റ് മരിച്ച സ്ത്രീയുടെ കുടുംബത്തിന് ആദ്യമായി ഈ സർക്കാർ ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകുകയുണ്ടായി. ആനകൾ കൃഷി നശിപ്പിക്കുന്നതിന് മാത്രമായിരുന്നു നഷ്ടപരിഹാരം മുൻകാലങ്ങളിൽ നൽകിയിരുന്നതെങ്കിൽ ഈ സർക്കാർ പന്നി, കുരങ്ങ്, മയിൽ തുടങ്ങിയവ കൃഷി നശിപ്പിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നുണ്ട്. നിലമ്പൂർ നോർത്തിൽ 13 കിലോമീറ്റർ പവർ ഫെൻസിംഗും 3 കിലോമീറ്റർ ട്രെഞ്ചും നിലമ്പൂർ സൗത്തിൽ 34 കിലോമീറ്റർ ട്രെഞ്ചും 29.65 കിലോമീറ്റർ പവർ ഫെൻസിംഗും ഉണ്ടാക്കിയിട്ടുണ്ട്. കാട്ടിൽ 11 കുളങ്ങളും ആറ് ചെക്ക് ഡാമുകളും നിർമ്മിച്ചു. എൻ.ആർ.ഇ.ജി. ഫണ്ട് ഉപയോഗിച്ച് കേരളത്തിലെ വനം മേഖലയിലെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വനം മേഖലയിൽ പരമാവധി ഇടങ്ങളിൽ കിടങ്ങ് ഉണ്ടാക്കുന്നതിന് നിർദ്ദേശം കൊടുക്കുകയും വയനാട് ജില്ലയിൽ അത് വിജയിക്കുകയും ചെയ്തു. അവിടെ ആനശല്യം ഇപ്പോൾ താരതമ്യേന കുറവാണ്. എൻ.ആർ.ഇ.ജി ഫണ്ട് ഉപയോഗിച്ച് ട്രെഞ്ച് ഉണ്ടാക്കുന്നതിന് സാങ്കേതിക പിന്തുണ ലഭിക്കാത്ത സംഭവങ്ങൾ ചൂണ്ടിക്കാണിച്ചാൽ എത്രയും വേഗം പരിഹാരം കാണുന്നതാണ്. ജൂലൈ 12-ാം തീയതി

സഭ പിരിഞ്ഞതിനുശേഷം ചേരുന്ന യോഗത്തിൽ വനമേഖലയിലെ എല്ലാ എം.എൽ.എ-മാരും പങ്കെടുക്കണം. ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ തടി സൗജന്യമായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ചോക്കാട് കോളനിയിലെ റോഡിന്റെ അറ്റകുറ്റപ്പണിക്ക് അനുമതി നൽകുന്നതാണ്. റോഡിന്റെ വീതി കൂട്ടുന്നതിന് വനഭൂമി ആവശ്യമാണെങ്കിൽ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ കിട്ടിയാൽ കേന്ദ്ര വനനിയമ പ്രകാരമുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(2) മലബാർ മേഖലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളും കോഴ്സുകളും അനുവദിക്കാൻ നടപടി

ശ്രീ. വി. ശശികുമാർ : മലബാർ മേഖലയിൽ കൂടുതൽ ഹയർ സെക്കണ്ടറി സ്കൂളുകളും കോഴ്സുകളും അനുവദിക്കാൻ നടപടി സ്വീകരിക്കണം. കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ എസ്.എസ്.എൽ.സി പാസ്സായ കുട്ടികൾക്ക് ഹയർ സെക്കണ്ടറി കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ 'എ പ്ലസ്' നേടിയ കണ്ണൂർ ഉൾപ്പെടെയുള്ള വടക്കൻ ജില്ലകളിൽ ഹയർ സെക്കണ്ടറിക്ക് പരിമിതമായ സീറ്റ് മാത്രമാണുള്ളത്. മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ പതിനായിരക്കണക്കിന് കുട്ടികൾക്കാണ് ഹയർ സെക്കണ്ടറി പ്രവേശനത്തിന് അവസരമില്ലാത്തത്. സേ പരീക്ഷയുടെ ഫലം കൂടി അറിവാകുമ്പോൾ കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടും. ഹയർ സെക്കണ്ടറി പ്രവേശനത്തിന് അർഹത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും സീറ്റ് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ഓരോ വർഷവും മലപ്പുറം ജില്ലയിലെ

വിജയശതമാനം വർദ്ധിച്ചുവരുന്നതിനനുസരിച്ച് ഉന്നതവിദ്യാഭ്യാസത്തിന് സീറ്റ് ലഭ്യമാകാത്തതിനെത്തുടർന്ന് വളരെയധികം പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. മലബാർ മേഖലയിൽ പ്ലസ് ടു സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതുതായി ആരംഭിക്കുന്നതിനും നിലവിൽ സൗകര്യ മുള്ള സ്കൂളുകളിൽ പുതിയ കോഴ്സുകളും അഡീഷണൽ ബാച്ചുകളും അനുവദിക്കുന്നതിനും തയ്യാറാകണം. നാലഞ്ച് വർഷത്തെ സംഘടിത പ്രവർത്തനത്തിലൂടെയാണ് എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. ജൂലൈ മാസത്തോടുകൂടി അർഹരായ വർക്കെല്ലാം പ്ലസ് ടു ക്ലാസ്സുകളിലേയ്ക്കുള്ള അഡ്മിഷൻ പൂർത്തികരിക്കു ന്നതിനുള്ള നടപടി ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : എസ്.എസ്.എൽ.സി. വിജയശതമാനത്തിലെ വർദ്ധനവ് കാരണം മലബാർ മേഖലയിൽ കൂടുതൽ ഹയർ സെക്കണ്ടറി സ്കൂളുകളും പഠന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് നിർബന്ധിതമായിരിക്കുക യാണ്. 2008-ൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ കൂടുതൽ പുതിയ സ്കൂളുകൾ ആരംഭിക്കുകയും നിലവിൽ പഠന സൗകര്യ മുള്ള സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുകയും ചെയ്തു. 26200 സീറ്റുകൾ ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം പുതിയതായി സൃഷ്ടിച്ചു. വിജയശതമാനം ഉയർന്നുവരുന്ന സാഹചര്യം കണക്കിലെടുത്ത് തൃശൂർ മുതൽ കാസർകോഡ് വരെയുള്ള വടക്കൻ ജില്ലകളിലെ ഹൈസ്കൂളുകളെ ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ

സെക്കണ്ടറി  സ്കൂളുകളാക്കി ഉയർത്താനും ഹയർ സെക്കണ്ടറി, വൊക്കേഷ ണൽ ഹയർ സെക്കണ്ടറി സൗകര്യങ്ങളുള്ള സ്കൂളുകളിൽ അധിക ബാച്ചു കൾ അനുവദിക്കാനുള്ള സാധ്യത പരിശോധിക്കാനും നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പഠന സൗകര്യം  ഏർപ്പെടു ത്തുകയെന്നതാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നയം. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടി പഠന സൗകര്യമില്ലാത്ത 230 പഞ്ചായത്തുകളാണുള്ളത്.  പ്ലസ് വൺ പഠന സൗകര്യം കുറവുള്ള തൃശൂർ മുതൽ കാസർകോഡ് വരെയുള്ള ജില്ലകളെ മുൻഗണനാക്രമത്തിൽ പരിഗണി ക്കുക എന്ന നയമാണ് ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. സ്കൂളുകൾക്ക് അധിക ബാച്ചുകളും പുതിയതായി പ്ലസ് വൺ പഠന സൗകര്യവും ആവശ്യപ്പെടാൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെ ടുവിക്കുകയും അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന് സന്നദ്ധത അറിയിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകൾ, സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പ്രോസസ്സിംഗ് കഴിഞ്ഞാൽ ഏതാനും ആഴ്ചകൾക്കുള്ളിൽ പഠന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വടക്കൻ ജില്ലകളിലെ  പ്രശ്ന പരിഹാരത്തിനുശേഷം തെക്കൻ ജില്ലകളുടെ കാര്യം കൂടി പരിശോധിക്കുന്നതാണ്.  ജൂലൈ മാസ ത്തോടുകൂടി പ്ലസ് ടു പ്രവേശനം സംബന്ധിച്ചുള്ള നടപടിക്രമം പൂർത്തീകരി ക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

**സബ്മിഷൻ**

(1) രണ്ട് രൂപയ്ക്ക് ഒരു കിലോ അരി നൽകുന്ന പദ്ധതി

ശ്രീ. ആനത്തലവട്ടം ആനന്ദൻ: അസംഘടിത പരമ്പരാഗതമേഖലയിലെ തൊഴിലാളികൾക്ക് രണ്ട് രൂപയ്ക്ക് ഒരു കിലോ അരി നൽകാൻ വേണ്ടിയുള്ള സെൽഫ് ഡിക്ളറേഷൻ ഫോം ജില്ലാ-താലൂക്ക് സപ്ളൈ ഓഫീസർക്ക് കൊടുക്കണമെന്ന വ്യവസ്ഥ മാറ്റി റേഷൻകടകളിൽ സമർപ്പിക്കാനുള്ള ഉത്തരവ് ഉണ്ടാകണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പെൻഷൻകാർ, സർക്കാർ-സഹകരണ-പൊതുമേഖല-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, ഒരേക്കറിൽ കൂടുതൽ സ്വന്തമായ ഭൂമി ഉള്ളവർ എന്നിവർക്കൊഴികെയാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. സ്വന്തമായി ഒരേക്കറിൽ കൂടുതൽ ഭൂമി ഇല്ലെന്ന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണമെന്നുള്ള നിബന്ധന 25-6-2010-ലെ ഉത്തരവ് പ്രകാരം മാറ്റുകയും ഒരേക്കറിൽ കൂടുതൽ ഭൂമിയില്ലാത്തവർ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയെന്നും പിന്നീട് അന്വേഷണത്തിൽ ഭൂമി ഉണ്ടെന്ന് തെളിയുന്നപക്ഷം അവരെ ഈ ആനുകൂല്യത്തിൽ നിന്ന് ഒഴിവാക്കുന്നതാണെന്നും പ്രസ്തുത അപേക്ഷകൾ കാർഡ് ഉടമകൾ തന്നെ റേഷൻ കടയിൽ ഹാജരാക്കിയാൽ മതിയെന്നുമുള്ള ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ട്.

(2) തലശ്ശേരി-വളവുപാറ കൂർഗ് റോഡ്

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: തലശ്ശേരിയെ മൈസൂറുമായി ബന്ധിപ്പിക്കുന്നതും പ്രധാന ചരക്ക് ഗതാഗത പാതയുമായ

തലശ്ശേരി-വളവുപാറ-കൂർഗ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും നാലു വരിപ്പാതയാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): തലശ്ശേരി-വളവു പാറ-കൂർഗ് റോഡിന്റെ സ്ഥലമെടുപ്പിന് താമസം വന്നതുകൊണ്ട് കെ.എസ്. റ്റി.പി.യുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. രണ്ടാം ഘട്ടത്തി ലുൾപ്പെടുത്തിയപ്പോൾ തടസ്സങ്ങളുണ്ടായത് നീക്കിക്കൊണ്ടിരിക്കുന്നു. രണ്ടാംഘട്ടത്തിനാവശ്യമായ പണം ഏത് ഏജൻസിയിൽ നിന്നും ലഭ്യമാക്കണ മെന്നതുസംബന്ധിച്ച് കേന്ദ്രസർക്കാർ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കു കയാണ്. ഒന്നാം ഘട്ടത്തിന് പണം നൽകിയ വേൾഡ് ബാങ്കിൽ നിന്നും തന്നെ പണം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. നവംബർ മാസത്തിൽ വായ്പ അനുവദിച്ച് പണി ആരംഭിക്കാൻ കഴിയുമെ ന്നാണ് പ്രതീക്ഷിക്കുന്നത്. കെ.എസ്.റ്റി.പി. റോഡിന് കാത്ത് നിൽക്കാതെ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി റോഡ് പൂർണ്ണമായും സഞ്ചാര യോഗ്യമാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

(3) കൂത്തമ്പലത്തിന്റെ നിർമ്മാണം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ദീർഘനാളായി മുടങ്ങിക്കിടക്കുന്ന തൃശ്ശൂർ രാമനിലയം കോമ്പൗണ്ടിലുള്ള കൂത്തമ്പലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരി ക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തൃശ്ശൂർ രാമനിലയം കോമ്പൗണ്ടിൽ കൂത്തമ്പലം നിർമ്മിക്കാൻ 84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ആറന്മുളയിലുള്ള വാസ്തുവിദ്യാ

ഗുരുകുലത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പണി പൂർത്തിയാക്കാൻ 43 ലക്ഷം രൂപ കൂടി അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ടൂറിസം ഡയറക്ടറിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്മേൽ അധിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) വേടർ സമുദായത്തിന്റെ പ്രശ്നങ്ങൾ

ശ്രീ.എൻ.അനിരുദ്ധൻ : ചാത്തന്നൂർ മണ്ഡലത്തിലെ ആദിച്ചനല്ലൂർ പഞ്ചായത്തിലെ കൊട്ടിയത്ത് താമസിക്കുന്ന ഗിരിവർഗ്ഗ വേടർ സമുദായത്തിൽപ്പെട്ട 50-ഓളം കുടുംബങ്ങളെ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : സംസ്ഥാനത്ത് വേടർ സമുദായം ക്രമനമ്പർ 51 ആയ പട്ടികജാതി ലിസ്റ്റിലാണ് ഉൾപ്പെടുന്നത്. മലൈവേടൻ, മലവേടൻ എന്നീ സമുദായങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിൽപ്പെടുത്തി ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കോട്ടയം പത്തനംതിട്ട ജില്ലകളിലെ വേടർ സമുദായക്കാരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായി അംഗീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സ് പരിശോധന നടത്തുകയും വേടർ സമുദായക്കാരും മലൈവേടൻ സമുദായക്കാരും ഒരേ കുലത്തിൽപ്പെട്ടവരാണെന്ന് കണ്ടെത്തിയതിനാൽ അവരെ പട്ടികജാതി ലിസ്റ്റിൽ നിന്ന് ഒഴിവാക്കി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ 2002-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച ശുപാർശ

ഇപ്പോഴും കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. കൊട്ടിയത്ത് ഗിരിവർഗ്ഗ വേടർ സമുദായത്തിൽപ്പെട്ട 50 കുടുംബങ്ങളാണുള്ളത്. ഇതിന് ഒരു പ്രത്യേക പഠനം ആവശ്യമാണ്. കിർത്താഡ്സിനെക്കൊണ്ട് പരിശോധിപ്പിക്കാൻ വേണ്ടിയുള്ള നിർദ്ദേശം കൊടുക്കാം.

(5) അഭിലാഷിന്റെ തിരോധാനം

ശ്രീ. കെ. ശിവദാസൻ നായർ : പത്തനംതിട്ട നാരങ്ങാനം കണ്ണാറയിൽ അഭിലാഷിന്റെ തിരോധാനത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ശബരിമല സന്നിധാനത്ത് ദേവസ്വം ബോർഡിൽ താൽക്കാലിക ജീവനക്കാരനായിരിക്കെ 22-05-2010-ന് രാവിലെ പത്ത് മണിമുതൽ അഭിലാഷിനെ കാണാതായിയെന്നുള്ള പരാതി ലഭിച്ചയുടനെ പമ്പാ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. പത്തനംതിട്ട നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. ദൂരദർശനിലും പത്രങ്ങളിലും പരസ്യവും ലുക്കൗട്ട് നോട്ടീസും കൊടുത്തിട്ടുണ്ട്. അഭിലാഷിനെ കണ്ടെത്തുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുന്നതിന് എസ്.പി-ക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

(6) മാലിന്യ പ്ളാന്റ്

ശ്രീ. എം. എം. മോനായി : കുന്നത്തുനാട് മണ്ഡലത്തിലെ ബ്രഹ്മപുരത്ത് സ്ഥാപിച്ചിട്ടുള്ള മാലിന്യപ്ളാന്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : കൊച്ചി നഗരസഭയുടെ ബ്രഹ്മപുരത്ത് പ്രവർത്തിക്കുന്ന ഖരമാലിന്യ സംസ്ക്കരണ പ്ളാന്റ് നല്ലരീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും മലിനജലം സംസ്ക്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള നിർദ്ദേശം നഗരസഭയ്ക്ക് കൊടുത്തിട്ടുണ്ട്. ബ്രഹ്മപുരം ഖരമാലിന്യ പ്ളാന്റിന്റെ പ്രവൃത്തി 2010 ഏപ്രിൽ മാസം മുതൽ സെൻട്രൽ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൂടുതൽ ചിട്ടയായി നടത്താനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഖരമാലിന്യ സംസ്ക്കരണ പ്ളാന്റിന്റെ പരിസരത്ത് കൂട്ടിയിട്ടിട്ടുള്ള പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള വസ്തുക്കൾ ശാസ്ത്രീയമായി ക്യാപ്പ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാകുന്നതോടുകൂടി കൂടിക്കിടക്കുന്ന മാലിന്യങ്ങളിൽ നിന്നും മലിനജലം ഒഴുകിവരുന്നത് കുറയ്ക്കാൻ കഴിയും. ഖരമാലിന്യ പ്ളാന്റിൽ നിന്നും ഊറിവരുന്ന ജലം ശേഖരിച്ച് സംസ്ക്കരിക്കുന്ന പ്ളാന്റിന്റെ സംസ്ക്കരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതോടുകൂടി കടമ്പ്രയാർ നദിയിലേയ്ക്കുള്ള മലിനജലത്തിന്റെ ഒഴുക്ക് പൂർണ്ണമായും തടയാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(7) കർഷകർക്ക് പട്ടയ വിതരണം

ശ്രീ. റോഷി അഗസ്റ്റിൻ : ഇടുക്കി ജില്ലയിലെ ഭൂമി കൈവശമുള്ള കർഷകർക്ക് ഉപാധികളില്ലാതെ പട്ടയം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പട്ടയ വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കുറച്ച് സമയംകൂടി

വേണ്ടിവരും. 1-1-1977-നുമുമ്പ് കുടിയേറിയ കർഷകർക്ക് മുഴുവൻ 1993-ലെ റൂൾസ് അനുസരിച്ചാണ് പട്ടയം നൽകാൻ അനുമതി നൽകിയിട്ടുള്ളത്. വസ്തു കൈമാറ്റം ചെയ്യാൻ പാടില്ലെന്നുള്ള നിബന്ധന മാറ്റി ഉപാധികളില്ലാതെ പട്ടയ വിതരണം നടത്തുന്നതിന്റെ നിയമവശങ്ങൾ പരിശോധിക്കാൻ നിയമവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പെരിഞ്ഞാംകുടി മേഖലയിൽ പദ്ധതി ഉപേക്ഷിക്കപ്പെട്ട സ്ഥലങ്ങളിലെ കർഷകർക്ക് സർവ്വേ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയവിതരണം നടത്തുന്നതാണ്. സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പട്ടയവിതരണ നടപടികൾ പൂർത്തിയാക്കുന്നതിനും 45-ഓളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കച്ചവടക്കാരുടെ പ്രശ്നങ്ങൾ ഉൾപ്പെടെ പട്ടയവിതരണ നടപടികൾ 2010 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള പരിശ്രമത്തിലാണ്.

(8) <u>തൊഴിലാളി സമരം ഒത്തുതീർപ്പാക്കണമെന്ന ആവശ്യം</u>

<u>ശ്രീ. രാജു എബ്രഹാം</u> : ശബരിമലയിൽ ഇടത്താവളം നിർമ്മിക്കാൻവേണ്ടി കൃഷി വകുപ്പിൽനിന്നും ഏറ്റെടുത്ത നിലയ്ക്കൽ എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് എഗ്രിമെന്റ് പ്രകാരമുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച അനിശ്ചിതകാല സമരം ഒത്തുതീർപ്പാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി)</u> : ശബരിമല വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടുകൂടി നിലയ്ക്കൽ എസ്റ്റേറ്റിലെ 110.524 ഹെക്ടർ വനഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിന് ലഭിക്കുക

യുണ്ടായി. പ്രസ്തുത ഭൂമി ഏറ്റെടുക്കുമ്പോൾതന്നെ ഫാമിംഗ് കോർപ്പറേഷനിൽ ഉണ്ടായിരുന്ന 50 സ്ഥിരം ജീവനക്കാരെയും 17 കാഷ്വൽ തൊഴിലാളികളെയുംകൂടി ദേവസ്വം ബോർഡ് ഏറ്റെടുക്കുകയുണ്ടായി. 2005-ൽ തൊഴിലാളികളെ ഏറ്റെടുക്കുന്നതുവരെ അവർക്ക് കിട്ടേണ്ടതായ ആനുകൂല്യം ഫാമിംഗ് കോർപ്പറേഷൻ നൽകണമെന്ന് എഗ്രിമെന്റ് ഉണ്ടെങ്കിലും അത് ലഭിക്കാത്തതിൽ പ്രതിഷേധിച്ചാണ് തൊഴിലാളികൾ സമരം നടത്തുന്നത്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ദേവസ്വം ബോർഡ് നൽകണമെന്ന ഹൈക്കോടതി വിധിക്കെതിരെ ദേവസ്വം ബോർഡ് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ജീവനക്കാർക്ക് 20,32,691 രൂപ കുടിശ്ശിക കൊടുക്കുന്നതു സംബന്ധിച്ചും ഫാമിംഗ് കോർപ്പറേഷന് കൊടുക്കേണ്ട നഷ്ടപരിഹാരം സംബന്ധിച്ചും ചർച്ച ചെയ്ത് നിർദ്ദേശം സമർപ്പിക്കുന്നതിന് ധനകാര്യം, കൃഷി, ദേവസ്വം, തൊഴിൽ എന്നീ വകുപ്പുമന്ത്രിമാരെ ഉൾപ്പെടുത്തി രൂപീകരിച്ച ഉപസമിതി ഈ പ്രശ്നം പരിശോധിച്ചുവരികയാണ്. റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

### (9) ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള സാമ്പത്തിക സഹായം

ശ്രീ. കെ.വി. കുഞ്ഞിരാമൻ : മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ആചാരസ്ഥാനീയർക്കും കോലധാരികൾക്കും സഹായം നൽകുന്നതിനായി ബഡ്ജറ്റിൽ മാറ്റിവച്ച തുക വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉത്തര മലബാറിലെ ആചാരസ്ഥാനീയരുടെ പ്രശ്നം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് പ്രതിമാസം 575 രൂപ വച്ച് 1-4-2005 മുതൽ

3 വർഷത്തേയ്ക്ക് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും ധനസഹായം നൽകിയിരുന്നു. കോലധാരികൾക്ക് ധനസഹായം അനുവദിച്ചിരുന്നുവെങ്കിലും നൽകിയിരുന്നില്ല. കാവുകളിലെ ആചാരസ്ഥാനീയരുടേയും കോലധാരികളുടേയും പൊതുജീവിത സാഹചര്യവും സാമ്പത്തിക ആനുകൂല്യം നൽകുന്നതും സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ ഒരു ഏകാംഗ കമ്മീഷനെ നിയോഗിക്കുകയും ഇത്തരക്കാരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ട ആവശ്യകത കമ്മീഷന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ധനസഹായം നൽകുന്നതിനായി 2010–2011-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. തുക അനുവദിക്കുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

(10) പുലിമുട്ട് നിർമ്മാണം

ശ്രീ. പി. വിശ്വൻ: പയ്യോളി കോട്ടകടപ്പുറം അഴിമുഖത്ത് പുലിമുട്ട് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പയ്യോളി കോട്ടകടപ്പുറം അഴിമുഖത്ത് പുലിമുട്ട് നിർമ്മിക്കുമ്പോൾ നദിക്കുണ്ടാകാവുന്ന വ്യതിയാനങ്ങൾ, നദീമുഖത്തുണ്ടാകാവുന്ന മാറ്റം, ഒരു പുലിമുട്ട് പര്യാപ്തമാണോ അതോ ഒന്നിലധികം ആവശ്യമുണ്ടോ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച പഠനറിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(11) കുടിവെള്ള പദ്ധതി

ശ്രീ. യു.സി. രാമൻ: കുന്നമംഗലം പഞ്ചായത്തിൽ പാലക്കൽ പേവുംകൂട്ടുമ്മൽ പ്രദേശത്ത് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കുന്നമംഗലം പഞ്ചായത്തിൽ പാലക്കൽ പേവുംകൂട്ടുമ്മൽ കോളനി പ്രദേശത്തുനിന്നും ഏകദേശം രണ്ടര കിലോമീറ്റർ അകലെ കൂനൂർ പുഴയിൽ ഒരു പുതിയ കിണർ, പമ്പ് ഹൗസ്, പമ്പിംഗ് സെറ്റ്, വിതരണ ശൃംഖല, ജല സംഭരണി എന്നിവയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. ശാശ്വതമായി ഈ പ്രശ്നം പരിഹരിക്കുന്നതിന് 35 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു ശുദ്ധജലവിതരണ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം 147,20,07,000

ധനാഭ്യർത്ഥന നമ്പർ XII. - പോലീസ് 773,01,51,000

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ 34,42,47,000

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം 90,44,26,000

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, എം. ഉമ്മർ, പി.കെ. അബ്ദുറബ്ബ്, യു.സി. രാമൻ, അബ്ദുറഹിമാൻ രണ്ടത്താണി, സി.ടി. അഹമ്മദ് അലി, ബി. ബാബു പ്രസാദ്, കെ. ബാബു, കെ. കെ. ഷാജു, ജോസഫ് എം. പുതുശ്ശേരി, തോമസ് ചാഴികാടൻ, ആര്യാടൻ മുഹമ്മദ്, പി.സി. ജോർജ്, ഡൊമിനിക് പ്രസന്റേഷൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി.എൻ. പ്രതാപൻ, അടൂർ പ്രകാശ്, ജി. കാർത്തികേയൻ, കെ. ശിവദാസൻ നായർ, എം.എ. വാഹീദ്, എ.പി. അബ്ദുള്ളക്കുട്ടി, കെ.കുട്ടി അഹമ്മദ് കുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നീതിന്യായ നിർവ്വഹണം നടത്തുന്നതിൽ ആഭ്യന്തര വകുപ്പ് പരാജയപ്പെട്ടിരിക്കുന്നു. കസ്റ്റഡി/ലോക്കപ്പ് മരണങ്ങൾ വർദ്ധിക്കുമ്പോഴും ഇതു സംബന്ധിച്ച ജസ്റ്റിസ് രാജേന്ദ്രബാബു കമ്മിഷൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്

നടപ്പാക്കുകയോ ഇത്തരം സംഭവങ്ങളാവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല. പോലീസുകാരിൽ പലരും ഭൂമാഫിയ ബന്ധമുള്ളവരും ഗുണ്ടകളുമായി മാറിയിരിക്കുന്നു. തീവ്രവാദത്തെ ശക്തമായി നേരിടുന്നതിനു പകരം പരോക്ഷമായി അംഗീകരിക്കുകയാണ് ചെയ്യുന്നത്. തീവ്രവാദം എല്ലാ തലത്തിലും ശക്തമായിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ വികലമായ നയം മൂലം പോലീസിന് പ്രതികളെ അറസ്റ്റ് ചെയ്യാൻ പോലും കഴിയാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. കുറ്റകൃത്യങ്ങളാരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥരെയും വ്യക്തികളെയും സഹായിക്കുന്ന നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ജനദ്രോഹ നടപടികളിലൂടെ ജനമൈത്രി പോലീസ് ജനവിരുദ്ധ പോലീസ് ആയി മാറിയിരിക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൂടുന്നു. വനിതാപോലീസുകാർക്ക് പോലും സംരക്ഷണം ലഭിക്കുന്നില്ല. പോലീസിനെ നീതിനിർവ്വഹണം നടത്താൻ അനുവദിക്കുന്നില്ല. പോലീസ് സഹകരണസംഘത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി വ്യാജ ഐഡന്റിറ്റി കാർഡുണ്ടാക്കി വോട്ട് ചെയ്യുന്ന സംഭവംവരെ ഉണ്ടാകുന്നുണ്ട്. കോഴ വാങ്ങിക്കൊണ്ട് നടത്തുന്ന കസ്റ്റഡി മരണങ്ങൾ അവസാനിപ്പിക്കണം. ചെറിയ കുറ്റകൃത്യങ്ങൾക്കുപോലും പോലീസ് എടുക്കുന്ന നടപടികൾ കുഴപ്പങ്ങളുണ്ടാക്കുന്നുണ്ട്. പോലീസുകാരുടെ ട്രാൻസ്ഫറിന്റെ കാര്യത്തിൽ വ്യക്തമായ മാനദണ്ഡമില്ല. നിയമപരിപാലനത്തിനും കേസന്വേഷണത്തിനും പ്രത്യേകം പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണം. പോലീസ് കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണം. ട്രാഫിക് പരിഷ്ക്കാരം നടപ്പിലാക്കണം. ശാസ്ത്രീയമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം.

കേരളത്തിൽ രണ്ടുതരത്തിലുള്ള നീതി നടപ്പിലാക്കുന്നത് അവസാനിപ്പിക്കണം. കോട്ടയം സി.എം.എസ്. കോളേജിനുണ്ടായ നഷ്ടം ഗവൺമെന്റ് നികത്തണം. സംസ്ഥാനത്തിന്റെ ക്രമസമാധാനരംഗം ഇത്രമാത്രം തകർന്ന ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് ക്രമസമാധാനരംഗത്ത് വളരെ മാതൃകാപരമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇൻഡ്യയിലെ ക്രമസമാധാനനില തകർന്നിരിക്കുന്ന സാഹചര്യത്തിലും ശാസ്ത്രീയരീതിയിലുള്ള ഇടപെടലിന്റെ ഭാഗമായി ക്രമസമാധാനനില ഭദ്രമാക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് ഗുണ്ടാ ആക്ട് കൊണ്ടുവന്നുവെങ്കിലും നടപ്പാക്കിയില്ല; എന്നാൽ ഈ സർക്കാർ ആ നിയമം പരിഷ്ക്കരിച്ചുകൊണ്ട് പുതിയ നിയമം കൊണ്ടുവരികയും 216 ഗുണ്ടകളെ അറസ്റ്റ് ചെയ്ത് തടങ്കലിൽ പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുറ്റാന്വേഷണ രീതികൾ ശാസ്ത്രീയമായി നടപ്പാക്കാൻ ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. ക്രൈംബ്രാഞ്ചിനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചുകൊണ്ട് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും കുറ്റകൃത്യങ്ങളുടെ ഗ്രാവിറ്റി കുറച്ചുകൊണ്ടുവരാനും കുറ്റവാളികളെ എളുപ്പത്തിൽ പിടികൂടാനും സാധിച്ചിട്ടുണ്ട്. കുറ്റവാളികളെ പിടികൂടാനുള്ള മനോഭാവവും സമർത്ഥമായ ഇടപെടലുംകൊണ്ട് കൊലപാതകങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. പോലീസിനെ ജനകീയമാക്കുന്നതിന്റെ ഭാഗമായി എല്ലാ മേഖലകളിലും പരിഷ്ക്കാരം കൊണ്ടുവരികയും പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഫോറൻസിക് ലാബിന്റെ

പ്രവർത്തനം മെച്ചപ്പെടുത്തുകയും മയക്കുമരുന്ന്, സ്ഫോടക വസ്തുക്കൾ എന്നിവ പരിശോധിക്കാൻ ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് നാർക്കോ അനാലിസിസ് സംവിധാനം തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. 15000 പോലീസുകാർക്ക് മൊബൈൽ ഫോൺ നൽകിയതിലൂടെ പട്ടണങ്ങളിൽ നടക്കുന്ന കുറ്റകൃത്യങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കുന്നു. മൂവായിരം വിമുക്തഭടന്മാരെ ഹോം ഗാർഡുകളായി നിയമിച്ചത് പ്രശംസനീയമാണ്. പ്രമാദമായ പല കേസ്സുകളിലും പ്രതികളെ വളരെ പെട്ടെന്നുതന്നെ പിടികൂടുന്നതിനും ശിക്ഷ ഉറപ്പാക്കുന്ന വകുപ്പ് ചേർത്ത് കേസ് രജിസ്റ്റർ ചെയ്യുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ പിടികൂടുന്നതിനും വിവിധ മതസ്ഥരുടെ ആരാധനാലയങ്ങൾക്കെല്ലാം ആവശ്യമായ സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിച്ചു. ജയിൽ നിയമങ്ങൾ പരിഷ്ക്കരിച്ചതി ലൂടെ തടവുകാരുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ കാലയളവിൽ കേരള പോലീസിന് നിരവധി അവാർഡുകൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇത്രയധികം ക്ഷേമപ്രവർത്തനങ്ങൾ നട ത്തിക്കൊണ്ട് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മുന്നേറുന്ന ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. വനിതാ പോലീസിന്റെ സൗകര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശ്രീ. എ.കെ. ആന്റണി നിയോഗിച്ച പോലീസ് പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം ഏർപ്പെടുത്തിയതല്ലാതെ ഒരു കാര്യവും ആഭ്യന്തര വകുപ്പിന്റെ നേട്ടമായി

പറയാനില്ല. പാലക്കാട് നടന്ന ഷീല വധക്കേസിലെ പ്രതി കസ്റ്റഡിയിൽ മരിച്ച സംഭവത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യമില്ലെന്ന നിലപാട് പോലീസിനകത്തുള്ള കുറ്റവാളികളെ സംരക്ഷിക്കുന്നതാണ്. തീവ്രവാദ പ്രസ്ഥാനത്തിന്റെ കേന്ദ്രം കേരളത്തിലാണെന്നാണ് കേന്ദ്ര ഗവൺമെന്റ് വിലയിരുത്തുന്നത്. എന്നാൽ സംസ്ഥാന സർക്കാരിന് ഇതുവരെ ആരെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുള്ളത്. ആരോപണ വിധേയരായ പോലീസുകാർക്കുവരെ ഈ സർക്കാരിന്റെ കാലത്ത് ഗുഡ് സർവീസ് എൻട്രി ലഭിക്കുന്നുവെന്നുള്ളത് അപമാനകരമാണ്.

ശ്രീ. ബാബു പോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഭ്യന്തരം, വിജിലൻസ്, ജയിൽ തുടങ്ങിയ വകുപ്പുകളിൽ സുപ്രധാനമായ പരിഷ്ക്കാരങ്ങളാണ് കഴിഞ്ഞ നാല് വർഷമായി സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ക്രമസമാധാന അന്തരീക്ഷം നിലനിർത്താനും ഈ സർക്കാരിന് കഴിഞ്ഞു. മികച്ച ക്രമസമാധാനം നിലനിൽക്കുന്ന സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ അവാർഡും കമ്മ്യൂണിറ്റി പോലീസിന്റെ പ്രവർത്തനത്തിലൂടെ തീവ്രവാദ പ്രവർത്തനം തടയാൻ കഴിഞ്ഞതിന് അന്താരാഷ്ട്ര പുരസ്ക്കാരവും കേരളത്തിന് ലഭിച്ചത് അഭിനന്ദനാർഹമാണ്. കാലഹരണപ്പെട്ട അന്വേഷണ രീതികളും മൂന്നാം മുറകളും അവസാനിപ്പിക്കാൻ സാധിച്ചു. കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിനുള്ള ആധുനികവൽക്കരണ നടപടികൾ ആഭ്യന്തരവകുപ്പ് സ്വീകരിച്ചുവരുന്നു. ഫോറൻസിക് സയൻസ് ലാബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ആധുനിക പരിശോധനാ ഉപകരണങ്ങൾ സജ്ജമാക്കുകയും

ചെയ്തു. ബ്രെയിൻ ഫിങ്കർ പ്രിന്റ് ടെസ്റ്റിനുള്ള സൗകര്യം താമസിയാതെ നിലവിൽ വരുന്നതാണ്. ആദ്യ സൈബർ ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് സെല്ലിന്റെ പ്രവർത്തനം തിരുവനന്തപുരത്ത് ആരംഭിച്ചു. എല്ലാ പോലീസ് സ്റ്റേഷനുകൾക്കും പുതിയ വാഹനങ്ങൾ നൽകുകയും 15000 പോലീസുകാർക്ക് മൊബൈൽ ഫോൺ നൽകുകയും ചെയ്തതിലൂടെ കുറ്റ കൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ കൂടുതൽ വേഗത്തിലാക്കാൻ സാധിച്ചു. കൊച്ചിയിൽ റോഡപകടങ്ങളുടെ ചിത്രങ്ങൾ മൊബൈൽ ഫോണിൽ പകർത്തി അപ്പപ്പോൾത്തന്നെ ഡാറ്റാ സെന്ററിൽ നൽകുന്നതുൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തി. കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വിഭജിച്ച് പ്രത്യേക ഉദ്യോഗസ്ഥരുടെ കീഴിലാക്കി. ക്രൈംബ്രാഞ്ച് പുന:സംഘടിപ്പിച്ചു. 6000-ലേറെ പോലീസുകാരെ പുതുതായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നാലായിരത്തോളം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ആയിരം പോലീസുകാർ ഉൾപ്പെടുന്ന ഇന്ത്യ റിസർവ് ബറ്റാലിയന് രൂപം നൽകി. 3000 ഹോം ഗാർഡുമാരെ വിമുക്തഭടൻമാരിൽ നിന്ന് കണ്ടെത്തി അത്യാവശ്യ സന്ദർഭങ്ങ ളിൽ ഉപയോഗിക്കത്തക്കവിധത്തിൽ സജ്ജമാക്കി. ഗുണ്ടാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങളെ കസ്റ്റഡിയി ലെടുക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചു. പ്രമാദമായ പല കേസ്സുകളും തെളിയിക്കാനും കുറ്റവാളികളെ തുറുങ്കിലടയ്ക്കാനും സാധിച്ചു. വ്യാജ സന്യാസിമാർക്കും ആത്മീയ നേതാക്കൾക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു. ആരാധനാലയങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി പോലീസ് സേനയിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചു. തീവ്രവാദത്തിനെതിരെ

ശക്തമായ നടപടികൾ സ്വീകരിച്ചു. വർഗ്ഗീയ കലാപം ഉണ്ടാകാനുള്ള സാദ്ധ്യതകൾ ഇല്ലാതാക്കി. കേരളത്തിലെ ജനജീവിതം സുരക്ഷിതമാക്കി. ഗവൺമെന്റിന്റെ നയങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. തീരദേശ സുരക്ഷയും വിജിലൻസ് സംവിധാനവും ശക്തമാക്കി. കെട്ടിക്കിടക്കുന്ന വിജിലൻസ് കേസ്സുകൾ തീർപ്പാക്കുന്നതിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി. ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിൽ പുതിയ 8 ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു. ജയിൽ നിയമം പരിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചു. തടവുകാരുടെ വേതനം വർദ്ധിപ്പിക്കുകയും അവർക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ പരിശീലനം നൽകുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചു. കൂത്താട്ടുകുളം പോലീസ് സ്റ്റേഷനും ക്വാർട്ടേഴ്സിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കണം. മൂവാറ്റുപുഴയിൽ പേഴയ്ക്കാപ്പിള്ളി ആസ്ഥാനമായി പോലീസ് സ്റ്റേഷൻ അനുവദിക്കണം. മൂവാറ്റുപുഴ ഫയർ സ്റ്റേഷന് മുനിസിപ്പാലിറ്റി നൽകിയ സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കണം. മൂവാറ്റുപുഴ പുഴയോര ടൂറിസം പദ്ധതിക്കായി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന് അംഗീകാരം നേടിയെടുക്കണം. പൈനാപ്പിൾ മേഖലയുമായി ബന്ധപ്പെട്ട് വിദേശികളെ ആകർഷിക്കത്തക്ക വിധത്തിൽ വാഴക്കുളം ടൂറിസം ഗ്രാമമായി പ്രഖ്യാപിക്കുന്ന പ്രോജക്ടിന് അംഗീകാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. അബ്ദുറബ്ബ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ക്രമസമാധാനവും നിയമവാഴ്ചയും സംരക്ഷിക്കുന്നതിൽ

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തികഞ്ഞ പരാജയമാണ്. ഭരണതലത്തിൽ ശക്തമായ നടപടികളില്ലാത്തതും ആഭ്യന്തര വകുപ്പുമന്ത്രി പ്രതിനിധാനം ചെയ്യുന്ന പാർട്ടിക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതുമായ സംവിധാനത്തിൽ പോലീസിന് നിഷ്പക്ഷമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ഈ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ട നിരവധി സംഭവങ്ങളുണ്ടായി. കുറ്റവാളികൾക്ക് പോലീസിൽനിന്നും ലഭിക്കുന്ന സഹായം കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. സംസ്ഥാനത്ത് 15 ശതമാന ത്തോളം പോലീസ് ഉദ്യോഗസ്ഥർ അച്ചടക്ക നടപടിയും അന്വേഷണവും നേരിട്ടുകൊണ്ടിരിക്കുന്നവരാണ്. പ്രമാദമായ നിരവധി കേസുകളിൽ പ്രതി സ്ഥാനത്ത് പോലീസാണുള്ളത്. പോലീസ് സേനയ്ക്ക് കളങ്കമുണ്ടാക്കുന്ന കസ്റ്റഡി മരണങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. കുറ്റാന്വേഷണത്തിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിക്കണം. വധക്കേസ് പ്രതിയുടെ കസ്റ്റഡി മരണത്തിന് ഉത്തരവാദികളായവരെ സംരക്ഷിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കഴിഞ്ഞ നാല് വർഷക്കാലത്തി നിടയിൽ നിരവധി സംഭവങ്ങളിൽ പോലീസിന് നീതിപീഠത്തിൽനിന്ന് വിമർശനങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. ചെറിയതുറ വെടിവയ്പ്പ്, കാസർഗോഡ് മുസ്ലീംലീഗ് പ്രവർത്തകനെ കൊലപ്പെടുത്തിയ സംഭവം എന്നിവ പോലീസിന്റെ നിഷ്ക്രിയതയെയാണ് കാണിക്കുന്നത്. നിയമവാഴ്ച ഉറപ്പുവരുത്തേണ്ടവർ അക്രമികളെ സംരക്ഷിക്കുന്ന

സ്ഥിതിവിശേഷമാണുള്ളത്. കോഴിക്കോട് സർവ്വകലാശാലയിൽ എസ്.എഫ്. ഐ.ക്കാർ നടത്തിയ അക്രമ സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തണം. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഗുണ്ടാ ആക്ട് ദുർബലപ്പെടുത്തിയ തിന്റെ ഫലമായി ഗുണ്ടകളും മാഫിയകളും ക്വട്ടേഷൻ സംഘങ്ങളും സജീവ മായിരിക്കുകയാണ്. പോലീസും ജയിൽ ഉദ്യോഗസ്ഥരും തടവുകാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് അവസാനിപ്പിക്കണം. തടവുകാരുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം. ആധുനിക സുരക്ഷാ സംവിധാനങ്ങളുള്ള ജയിലുകളിൽനിന്ന് കുറ്റവാളികൾ തടവുചാടുന്നത് ഗൗരവമായിക്കാണണം. ജയിൽ ജീവനക്കാ രുടെ തസ്തികകൾ നികത്തുന്നതുവരെ വിമുക്തഭടൻമാരുടെ സേവനം പ്രയോജനപ്പെടുത്തണം. വിനോദസഞ്ചാരമേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാനാവ ശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. ബി. രാഘവൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശാസ്ത്രീയ കുറ്റാന്വേഷണ രീതി നടപ്പാക്കുകയും ജനമൈത്രി പോലീസ്, വനിതാ ഹെൽപ്പ് ലൈൻ, സ്റ്റുഡന്റ്സ് പോലീസ് തുടങ്ങിയ മാതൃകാപരമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ചെയ്തു. മതവും വർഗ്ഗീയതയും രാഷ്ട്രീയത്തിലിടപെടുന്നത് അവസാനിപ്പിക്കണം. ഡി.ഐ.ജി. യുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ചുകൊണ്ട് കേരളത്തിലെ തീവ്രവാദ പ്രവർത്തനം അവസാനിപ്പിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. കൊലപാതകങ്ങളും തട്ടിപ്പുകേസ്സുകളും തെളിയിക്കാനും അനാശാസ്യ നടപടികൾ അവസാനിപ്പിക്കാനും ക്വട്ടേഷൻ/അധോലോക സംഘങ്ങളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാനും ക്രിമിനലുകളെ അമർച്ച

ചെയ്യാനും ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തി. പോലീസ് സേന നവീകരിക്കുന്നതിന്റെ ഭാഗമായി പതിനായിരത്തോളം പോലീസുകാരെ നിയമിക്കാനും വനിതാ പോലീസിനെ നേരിട്ട് എസ്.ഐ.മാരാക്കാനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. പോലീസ് സേനയുടെ ജോലി ഭാരം കുറയ്ക്കുന്നതിനും പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. തിരക്കേറിയ വീഥികളിൽ ഹോം ഗാർഡുകളെ ഉൾപ്പെടെ നിയമിച്ച് ജനങ്ങൾക്ക് പോലീസ് സേവനം ഉറപ്പാക്കി. ജനകീയ സമരങ്ങളെ അടിച്ചമർത്തുന്ന രീതിക്ക് മാറ്റം വരുത്തി.

ശ്രീ. കെ.കെ. ഷാജു : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടൂറിസം രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ടുകൾ ഭീഷണിയെ നേരിടുകയാണ്. കായൽ ടൂറിസം രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ജുഡീഷ്യറിയെ വിമർശിക്കുന്നത് അവസാനിപ്പിക്കണം. കൊലപാതകങ്ങൾ ഇല്ലാതാക്കണം. ഹൈക്കോടതികളിലും ജില്ലാ കോടതിയിലും കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കാനും. നിയോജകമണ്ഡലാടിസ്ഥാനത്തിൽ കോടതികൾ സ്ഥാപിക്കാനുമുള്ള നടപടി സ്വീകരിക്കണം. ജയിൽ എ.ഡി.ജി.പി-യ്ക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകണം. പോലീസിനെ പ്രവർത്തനസജ്ജമാക്കണം. ഗുണ്ടകൾക്കും ക്രിമിനലുകൾക്കും പെൺവാണിഭക്കാർക്കും ഒത്താശ ചെയ്യുന്ന നടപടികൾ അവസാനിപ്പിക്കണം. ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു ഗവൺമെന്റാണ് സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്നത്.

ശ്രീ. സി.എം. ദിനേശ് മണി : ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ആഭ്യന്തരരംഗത്ത് വളരെ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാന

ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വിവേചനരഹിതമായും നീതിപൂർവ്വമായും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം പോലീസ് സേനയ്ക്ക് നൽകിയിട്ടുണ്ട്. കഴിഞ്ഞ നാലുവർഷംകൊണ്ട് സമഗ്രവും ശക്തവുമായ നേതൃത്വം കൊടുത്ത തിന്റെ ഫലമായി പോലീസിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ കഴിഞ്ഞു. നിരവധി വ്യവസായ സ്ഥാപനങ്ങളും പ്രോജക്ടുകളും അതോടൊപ്പം അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുമുള്ള കൊച്ചിയിലെ ക്രമസമാ ധാനനിലയിൽ ഗുണപരമായ മാറ്റം വരുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഗുണ്ടായിസം അവസാനിപ്പിച്ചുകൊണ്ട് മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും നീതിയുക്തവും നിഷ്പക്ഷവുമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനും പോലീസിന് കഴിഞ്ഞു. ആഭ്യന്തരവകുപ്പിന്റെ ചിട്ടയായ പ്രവർത്തനങ്ങൾ വഴി കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കുറ്റാന്വേഷണം, ക്രമസമാധാന പരിപാലനം, സാമ്പത്തിക കുറ്റങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് വെവ്വേറെ സംവിധാനങ്ങൾ ഉണ്ടാക്കിയതിന്റെ ഫലമായി അഴിമതി ഇല്ലാതാ ക്കാൻ കഴിഞ്ഞു. ജനമൈത്രി പോലീസ് സംവിധാനത്തെ ജനങ്ങൾ സഹർഷം സ്വാഗതം ചെയ്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് തീവ്രവാദ പ്രവർത്ത നങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചു. പോലീസ് ആക്ട് നവീകരി ക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സുരക്ഷ കമ്മിഷൻ, ജില്ലാതല പോലീസ് കംപ്ളെയിന്റ് അതോറിറ്റി, പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡ് എന്നിവയ്ക്ക് രൂപംകൊടുത്തുവരികയാണ്. ക്രമസമാധാനപാലന രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിരിക്കുന്നു.

ശ്രീ. പി.ടി.എ. റഹീം : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാ ധാന പരിപാലന കാര്യത്തിൽ ഏറ്റവും മികച്ച സംസ്ഥാനമായി കേരളം മാറി

യിരിക്കുന്നു. ഒരു കാര്യത്തിലും എൽ.ഡി.എഫ്. സർക്കാരിനെ കുറ്റം പറയാനില്ലാതെ വിഷയദാരിദ്ര്യംകൊണ്ട് പ്രതിപക്ഷം വീർപ്പുമുട്ടുകയാണ്. തീവ്രവാദത്തിന്റെ പ്രഭവകേന്ദ്രമാണെന്ന് പ്രചരിപ്പിച്ച് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാർ വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മികവ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഒരു പ്രശ്നം പരിഹരിക്കുന്നതിൽ ഗവൺമെന്റ് എടുക്കുന്ന താൽപ്പര്യവും ഉത്തരവാദിത്വവുമാണ് ഗവൺമെന്റിന്റെ ഗുണം നിശ്ചയിക്കുന്നത്. മാറാട് കലാപത്തിലെ പ്രതികളെ അറസ്റ്റുചെയ്യാനും മുത്തൂറ്റ് പോൾ വധക്കേസിനും ഷീലാ വധക്കേസിനും തുമ്പുണ്ടാക്കാനും കഴിഞ്ഞത് ഈ സർക്കാരിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളുടെ നേട്ടമാണ്. സംസ്ഥാന പോലീസ് വളരെ നല്ല പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാഷ്ട്രീയവൽക്കരണവും സ്വജനപക്ഷപാതവുമാണ് ആഭ്യന്തരവകുപ്പ് നേരിടുന്ന പ്രധാന പ്രശ്നം. പോലീസിനെ രാഷ്ട്രീയവൽക്കരിക്കാനുള്ള നയത്തിൽ മാറ്റം വരുത്തണം. പോലീസ് സ്റ്റേഷൻ ആക്രമിക്കുന്ന സംഭവങ്ങൾ അവസാനിപ്പിക്കണം. ക്രിമിനലുകളെ സംരക്ഷിക്കുന്ന നയം സർക്കാർ ഉപേക്ഷിക്കണം. ജയിൽ ടൂറിസത്തിന്റെ ആസ്ഥാന കേന്ദ്രമായി കണ്ണൂർ ജയിൽ മാറിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന തടവുകാർക്കാനുപാതികമായി ജയിൽ ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കണം. പാർട്ടി ആഫീസ് വഴി ജയിലുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് നിരോധിക്കണം. മദ്യം, കഞ്ചാവ് തുടങ്ങി ജയിലുകളിൽ തടവുകാർക്ക് ലഭ്യമാകുന്ന നിയമാനുസൃതമല്ലാതെയുള്ള സൗകര്യങ്ങൾ നിറുത്തലാക്കണം. പോലീസ് സേന

യിൽ നിലനിൽക്കുന്ന സ്വജനപക്ഷപാതവും രാഷ്ട്രീയവൽക്കരണവും അവസാനിപ്പിക്കണം. കണ്ണൂർ സെൻട്രൽ ജയിലിന്റെ മതിലുകൾ പുതുക്കി പണിയാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. ചെന്താമരാക്ഷൻ: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ നാല് വർഷംകൊണ്ട് ടൂറിസം മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. റെസ്പോൺസിബിൾ ടൂറിസം എന്ന പേരിൽ ലക്ഷക്കണക്കിന് ആളുകൾക്ക് പുതുതായി ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കി. ബേക്കൽ ടൂറിസം പദ്ധതി പൂർത്തിയാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായിരുന്ന കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ലാഭകരമാക്കി മാറ്റി. പൈതൃക ടൂറിസം, മുസിരിസ് പ്രോജക്റ്റ്, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ തുടങ്ങി മാതൃകാപരമായ പദ്ധതികൾ ടൂറിസം രംഗത്ത് അഭിമാനകരമായ നേട്ടമുണ്ടാക്കി. പറമ്പിക്കുളം, നെല്ലിയാമ്പതി ഉൾപ്പെടുന്ന കൊല്ലങ്കോട്ടെ ടൂറിസം സാധ്യതകൾ കണ്ടെത്തി അതനുസരിച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ആഭ്യന്തര വകുപ്പിന്റെ അഭിമാനകരമായ പ്രവർത്തനങ്ങൾ വഴി ഇൻഡ്യയിൽ ഏറ്റവും മികച്ച ക്രമസമാധാനനിലയുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ക്രമസമാധാനത്തിന് ദേശീയ അന്തർദേശീയ പുരസ്ക്കാരങ്ങൾ നേടിയെടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. കർശന നടപടികളിലൂടെ കുറ്റകൃത്യങ്ങളും കൊലപാതകങ്ങളും കുറയ്ക്കാൻ കഴിഞ്ഞു. പോലീസുകാരുടെ എണ്ണം വർദ്ധിപ്പിച്ചതും സേവന കാലയളവ് കണക്കിലെടുത്ത് സ്ഥാനക്കയറ്റം നൽകിയതും പോലീസുകാരുടെ മനോവീര്യം വർദ്ധിപ്പിക്കാനിടയാക്കി. സംസ്ഥാനത്ത് ശാസ്ത്രീയമായ രീതിയിൽ കുറ്റാന്വേഷണം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

തിരുവനന്തപുരത്ത് ഫിംഗർ പ്രിന്റ് ലാബ് പ്രവർത്തനം ആരംഭിച്ചു. സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടികൾ സ്വീകരിച്ചു. പോലീസുകാരുടെ നിയമനത്തിൽ വനിതകൾക്ക് പത്ത് ശതമാനം റിസർവേഷൻ ഏർപ്പെടുത്തി. ഗുണ്ടകളെ അമർച്ച ചെയ്യാൻ നടപടി സ്വീകരിച്ചു. വിഗ്രഹമോഷണക്കേസ്സുകളിലേയും കൊലപാതകക്കേസ്സുകളിലെയും പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ സാധിച്ചു. ബാങ്ക് കവർച്ചകൾ തടയാൻ ശക്തമായ നടപടി സ്വീകരിച്ചു. ഷീലാ വധക്കേസ്സിലെ പ്രതി കസ്റ്റഡിയിൽ മരണപ്പെട്ട കേസ് സി. ബി. ഐ. യ്ക്ക് കൈമാറുകയും അത് സംബന്ധിച്ച് ഡിവൈ.എസ്.പി. ഉൾപ്പെടെയുള്ളവർക്കെതിരെ കേസ്സെടുക്കുകയും ചെയ്തു. വിവാദമായ കേസ്സുകൾ മാതൃകാപരമായി തെളിയിച്ച് വ്യാജസന്യാസിമാരെ ജയിലിലടയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രതിപക്ഷനേതാവിനെക്കൂടി ഉൾപ്പെടുത്തി സംസ്ഥാന സുരക്ഷാ കമ്മീഷൻ രൂപീകരിച്ചു. ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കി. കമ്മ്യൂണിറ്റി പോലീസിംഗ് ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ജനമൈത്രി യുവകേന്ദ്രം, പെൺകുട്ടികൾക്കായി ജാഗ്രതാ സമിതികൾ, വനിതാ ഹെൽപ്പ്ലൈൻ, സ്റ്റുഡന്റ്സ് പോലീസ് തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷംകൊണ്ട് ക്രമസമാധാനനില ഭദ്രമാക്കാൻ കഴിഞ്ഞു. ടൂറിസം രംഗത്ത് കേരളം ലോകത്തിനുതന്നെ മാതൃകയാകുമ്പോൾ എതിരാളികൾപോലും ഉത്തരവാദിത്വ ടൂറിസത്തിൽ പങ്കാളികളായി എന്നത് ശ്രദ്ധേയമാണ്. മാനുഷികപരിഗണനയോടുകൂടി പോലീസ് സേനയെ കാണുകയും അവർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്ത ഗവൺമെന്റാണിത്. 15 വർഷത്തെ സേവനമുള്ള

കോൺസ്റ്റബിളിനെ ഹെഡ് കോൺസ്റ്റബിളായും 23 വർഷത്തെ സേവനമുള്ള ഹെഡ് കോൺസ്റ്റബിളിനെ എ. എസ്. ഐ. ആയും 30 വർഷത്തെ സേവനമുള്ള എ. എസ്. ഐ.-യെ എസ്. ഐ. ആയും ഗ്രേഡ് നൽകി പോലീസിന്റെ കർമ്മശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പോലീസ് സേനയുടെ ഡ്യൂട്ടി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുകവഴി അവരുടെ സേവനം കൂടുതൽ ലഭ്യമാക്കാൻ കഴിഞ്ഞു. തെളിയിക്കപ്പെടാത്തതോ ശിക്ഷിക്കപ്പെടാത്തതോ അറസ്റ്റ് ചെയ്യപ്പെടാത്തതോ ആയ കേസ്സുകളൊന്നുംതന്നെയില്ല. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ക്രിമിനൽ കേസ്സുകൾ കുറവാണ്. കുറ്റാന്വേഷണ രംഗത്ത് ഇൻഫർമേഷൻ ടെക്നോളജി പ്രയോജനപ്പെടുത്തിയതിലൂടെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞു. 14 ജില്ലകളിലും സൈബർ സെല്ലുകൾ സ്ഥാപിച്ച് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്ക് തടയിടാൻ കഴിഞ്ഞു. സൈബർ കുറ്റകൃത്യങ്ങളെ ഗൗരവമായി കാണുകയും കുറ്റവാളികൾ ശിക്ഷിക്കപ്പെടുകയും വേണം. പല കുറ്റകൃത്യങ്ങളിലും ശിക്ഷിക്കപ്പെടാതിരിക്കുന്ന സ്ഥിതി ഇന്നുണ്ട്. പ്രതികളെ പിടിക്കാനും കേസെടുക്കാനും ശിക്ഷിക്കാനും കഴിയുന്നവിധം പോലീസിനെ സജ്ജമാക്കണം. പരാതിക്കാരി അപമാനിക്കപ്പെടാതിരിക്കുന്നതിനുള്ള ജാഗ്രത പോലീസും സമൂഹവും കാണിക്കേണ്ടതാണ്. സ്ത്രീകളെ ഇനിയും പോലീസ് സ്റ്റേഷനുകളിലേയ്ക്ക് നിർഭയരായി പോകാൻ പ്രേരിപ്പിക്കുന്ന തരത്തിൽ ജനമൈത്രി പോലീസ് സംവിധാനം മെച്ചപ്പെടുത്തണം. രാജ്യത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുക എന്ന പോലീസ് സേനയുടെ പ്രധാന ഉത്തരവാദിത്വം കേരളത്തിൽ ഇന്ന് ഭംഗിയായി നിറവേറ്റപ്പെടുന്നുണ്ട്. വനിതാ പോലീസുകാർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പോലീസ് സ്റ്റേഷനിൽ ഏർപ്പെടുത്തണം. ഹെൽപ്പ് ലൈൻ, വനിതാ സെൽ, വനിതാ പോലീസ് സ്റ്റേഷൻ ഇവ

യിലെ അംഗസംഖ്യ വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. എസ്.ഐ.മാരെ നേരിട്ട് റിക്രൂട്ട് ചെയ്തതടക്കം പോലീസ് സേനയിൽ ഒരുപാട് പരിഗണനകൾ സ്ത്രീകൾക്ക് നൽകിയിട്ടുണ്ട്. നാർക്കോ അനാലിസിസ് നിയമവിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാണെന്ന് നിയമവൃത്തങ്ങൾ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ഇക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ വിശദീകരണം വളരെ പ്രധാനപ്പെട്ടതാണ്. ഉത്തരവാദിത്വ ടൂറിസം രംഗത്ത് കേരളം ലോകത്തിന് തന്നെ മാതൃകയാണ്. ഏകദേശം 13 ലക്ഷം ആളു കൾക്ക് ടൂറിസംരംഗത്ത് തൊഴിൽ നൽകുന്നുണ്ട്. ടൂറിസം മേഖലയിൽ ശാസ്ത്രീയമായ പരിശീലനം നൽകുവാൻ കഴിയുന്ന സ്ഥാപനങ്ങൾ ആരംഭി ക്കുന്നത് അഭിനന്ദനീയമാണ്. പ്രവൃത്തിയിലൂടെയും വാക്കിലൂടെയും ഉത്തര വാദിത്വ ടൂറിസത്തിന്റെ അന്തസ്സ് ലോകത്തെമ്പാടും പ്രചരിപ്പിക്കുവാൻ കഴിഞ്ഞത് അഭിമാനാർഹമാണ്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. വ്യാവസായിക-കാർഷിക രംഗങ്ങളിൽ നേട്ടമുണ്ടാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. ശുദ്ധജലവിതരണം, ഗതാഗതസൗകര്യം, ക്രമസമാധാനപാലനം എന്നിവ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര വകുപ്പിന്റെ ജാഗ്രതയുടെ ഫലമായി തീവ്രവാദ പ്രവർത്തനങ്ങൾ തടയാൻ കഴിഞ്ഞു. വർഗ്ഗീയ കലാപ ങ്ങളും മോഷണവും പിടിച്ചുപറിയും അവസാനിപ്പിച്ചു. കുറ്റകൃത്യങ്ങളിലെ പ്രതികളെ യഥാസമയം പിടികൂടാൻ കഴിയുന്നു. അയൽ സംസ്ഥാനങ്ങളു മായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് കൊലപാതകങ്ങൾ വളരെ കുറ വാണ്. ക്രമസമാധാനനില ഭദ്രമാക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ 249 കോടി

രൂപയുടെ ലാഭമാണ് കൈവരിച്ചിട്ടുള്ളത്. പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 500 കോടിയോളം രൂപ നിക്ഷേപിക്കുകയും സ്വകാര്യ മേഖലയിലെ അടഞ്ഞുകിടന്ന വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നത് അഭിമാനകരമാണ്. കേന്ദ്ര സർക്കാരെടുത്ത നയസമീപനത്തിന്റെ ഫലമായി ഇൻഡ്യയിൽ കാർഷികോൽപ്പാദനം കുറഞ്ഞപ്പോൾ സംസ്ഥാനത്ത് 2.8 ശതമാനം കാർഷിക വളർച്ചയാണ് നേടാൻ സാധിച്ചത്. 60000 ഏക്കർ സ്ഥലത്ത് പുതിയതായി നെൽക്കൃഷി ആരംഭിക്കാനും. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞു. മുട്ട, പാൽ, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിലും വർദ്ധനവുണ്ടായി. കേന്ദ്ര സർക്കാർ കൃഷിക്കാർക്ക് കൊടുത്തിരുന്ന 400 കോടി രൂപയുടെ സബ്സിഡി എടുത്തുകളയുകയും കുറഞ്ഞ പലിശയ്ക്ക് കൊടുത്തിരുന്ന വായ്പ നിറുത്തലാക്കുകയും രാസവള നിർമ്മാണ ശാലകൾ അടച്ചുപൂട്ടുകയും ചെയ്തത് കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 26 മെഗാവാട്ടാണ് കൂടുതലായി ഉൽപാദിപ്പിച്ചതെങ്കിൽ ഇപ്പോൾ 196 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. 250 മെഗാവാട്ട് വൈദ്യുതി ലാഭിക്കുന്ന വിധത്തിൽ ഒന്നരക്കോടി സി.എഫ്.എൽ. വിതരണം നടത്തുകയും 20 വർഷക്കാലത്തേയ്ക്ക് വോൾട്ടേജ് പ്രശ്നം വരാതിരിക്കത്തക്ക വിധത്തിൽ 20600 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. രാജ്യത്താകെ വിലക്കയറ്റം രൂക്ഷമായപ്പോൾ സംസ്ഥാന സർക്കാർ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തിയതിന്റെ ഫലമായി വിലവർദ്ധനവ് തടയാനും വിലനിലവാരം പിടിച്ചു നിറുത്താനും കഴിഞ്ഞു. കെ.ടി.ഡി.സി. ചരിത്രത്തിലാദ്യമായി 60 കോടി രൂപ

യുടെ ലാഭമാണ് നേടിയിട്ടുള്ളത്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾ വരുന്നത് കേരളത്തിലാണെന്നുള്ളത് സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാണെന്നുള്ളതിന്റെ മികച്ച ഉദാഹരണം മാത്രമാണ്. ഏറ്റവും താഴ്ന്ന വരുമാനക്കാരുടെ ഉന്നമനത്തിന് കേന്ദ്ര സർക്കാർ യാതൊന്നും ചെയ്തിട്ടില്ല. കോടീശ്വരൻമാരുടെ സ്വത്ത് വർദ്ധിപ്പിക്കുന്നതിനുള്ള ഭരണമാണ് കേന്ദ്രസർക്കാർ നടത്തുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊള്ളയും കവർച്ചയും അതിക്രമങ്ങളും വർദ്ധിച്ചിട്ടും അക്രമികൾക്കെതിരെ ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ജയിലുകളിൽ ഗുണ്ടകളുടെ ബ്ലോക്ക് ഒഴിഞ്ഞുകിടക്കുന്നു. ജനങ്ങളുടെ രക്ഷിതാവായി നിൽക്കേണ്ട പോലീസ് ആ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം എന്നാണ് നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ റിപ്പോർട്ടിൽ പറയുന്നത്. വിനോദസഞ്ചാരികളുടെ എണ്ണം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞിരിക്കുന്നു. കോട്ടയം സി.എം.എസ് കോളേജിൽ ഭീകരവും പൈശാചികവുമായ അക്രമമുണ്ടായപ്പോൾ സംരക്ഷണം നൽകേണ്ട പോലീസ് അവിടെ നിഷ്ക്രിയരായി നോക്കിനിൽക്കുകയാണ് ചെയ്തത്. ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാനും പോലീസിന് നിഷ്പക്ഷമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകാനും സർക്കാർ തയ്യാറാകണം. ഡി.വൈ.എഫ്.ഐ-ക്കാരോടും എസ്.എഫ്.ഐ-ക്കാരോടും മൃദുസമീപനമാണ് പോലീസ് സ്വീകരിക്കുന്നത്. ക്രമസമാധാനം നിലനിർത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നില്ല.

കേരളം തീവ്രവാദികളുടെ താവളമാക്കാനും അവർക്ക് സംരക്ഷണം നൽകാനും സ്വീകരിക്കുന്ന നടപടി അവസാനിപ്പിക്കണം. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാട് ഒഴിവാക്കണം. കേരളത്തെ രക്ഷി ക്കുന്നതിനുവേണ്ടിയുള്ള ചരിത്രപരമായ കടമ നിറവേറ്റാത്ത സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ധനാഭ്യർത്ഥന ചർച്ചയിൽ ഉയർന്നു വന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളും വിമർശനങ്ങളും ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അന്താരാഷ്ട്ര ടൂറിസം മേഖലയിൽ വിദേശ ടൂറിസ്റ്റു കളുടെ എണ്ണത്തിലുണ്ടായ കുറവിന് ആനുപാതികമായ കുറവ് കേരളത്തിലും ഉണ്ടായിട്ടുണ്ട്. ദേശീയ തലത്തിൽ പരിശോധിച്ചാൽ 2005 മുതൽ ടൂറിസ്റ്റുകളുടെ വരവിൽ കേരളത്തിന് പതിനാലാം സ്ഥാനമായിരുന്നു. എന്നാൽ വിദേശ ടൂറിസ്റ്റുകളുടെ കാര്യത്തിൽ കേരളം ഒമ്പതാം സ്ഥാനത്തുനിന്ന് എട്ടാം സ്ഥാനത്തേയ്ക്ക് ഉയർന്നിട്ടുണ്ട്. സംസ്ഥാന ടൂറിസം മേഖലയിൽനിന്നുള്ള വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളും ടൂറിസം മേഖലയിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ തുടങ്ങി യതിനാൽ കേരളത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ 130.25 കോടി രൂപയാണ് ടൂറിസം മേഖലയ്ക്കു വേണ്ടി മാറ്റി വച്ചിട്ടുള്ളത്. പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരി ക്കാനും ബീച്ച് ടൂറിസത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 130 കോടി രൂപയിൽ 46 കോടി

രൂപയ്ക്കുള്ള അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ നൽകി ദ്രുതഗതിയിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ മുസിരിസ് പൈതൃക പ്രോജക്ടിനുവേണ്ടി 140 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതമായ 40.52 ലക്ഷം രൂപയും സംസ്ഥാന വിഹിതവുംകൂടി ചെലവഴിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്. തലശ്ശേരി കേന്ദ്രമാക്കി കണ്ണൂർ ജില്ലയിലെ വിവിധ പൈതൃക കേന്ദ്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ടും ഈ വർഷംതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. വിപണന രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ 25 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും വലിയ ടൂറിസം മേളയായ കേരള ട്രാവൽ മാർട്ട് കൊച്ചിയിൽ സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിക്കാനും അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ട്രാവൽ മാർട്ടായി മാറ്റാനുമാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ വഴി ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആയി മാറ്റിയതു പോലെ വാണിജ്യ കേന്ദ്രം കൂടി വികസിപ്പിച്ചെടുക്കാൻ ഈ വർഷത്തെ ബഡ്ജറ്റിൽ 25 കോടി രൂപ നീക്കിവയ്ക്കുകയും കേന്ദ്ര സർക്കാരിൽനിന്ന് കൂടുതൽ സഹായം വാങ്ങാനുള്ള പദ്ധതികൾ സമർപ്പിക്കുകയും ചെയ്തിട്ടു ണ്ട്. മൂന്നാറിൽ ഇക്കോ-ടൂറിസവും ടൗൺഷിപ്പും നടപ്പിലാക്കാനാണ് ഉദ്ദേശി ക്കുന്നത്. ടൂറിസം കേന്ദ്രങ്ങളുടെ ആസൂത്രിതമായ വികസനത്തിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആലപ്പുഴയിലും വയനാട്ടിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.ടി.ഡി.സി. വളരെയധികം ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്. ബേക്കൽ, കോഴിക്കോട്, ആലപ്പുഴ എന്നിവിടങ്ങളിൽ പുതിയ ഹോട്ടൽ പ്രോജക്ടുകൾ ആരംഭിക്കാനും എറണാകുളത്ത് ഒരു

വാണിജ്യ സമുച്ചയം നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ 35 ഇടങ്ങളിലായി എം.എൽ.എ.മാരുടെ നേതൃത്വത്തിൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. പൊൻമുടി, പാതിരാമണൽ, കല്ലാർ, രാമക്കൽമേട്, ഭൂതത്താൻകെട്ട്, മുനയ്ക്കൽ, അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമൊഴി, പൂമല, ചെറുതുരുത്തി, നെല്ലിയാംപതി, കോടക്കുന്ന്, വിയ്യംകായൽ, സരോവരം, മീൻകുന്ന് എന്നിവിടങ്ങളിലായി പുതുതായി ഡെസ്റ്റിനേഷൻ കൗൺസിലുകൾ നടപ്പിലാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.ടി.പി.സി.യുടെ പ്രവർത്തനം പുനരവലോകനം ചെയ്യുന്നതിന് ഉയർന്നതലത്തിലുള്ള ഉദ്യോഗസ്ഥനെ നിശ്ചയിക്കുന്നതിനും ടൂറിസം മേഖലയിൽ പുതിയ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ വികസിപ്പിച്ചെടുക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ആറ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ചെന്നയിൽ കേരള ഹൗസ് ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരി ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കോവളത്ത് സമുദ്ര കൺവെൻഷൻ സെന്റർ ഈ വർഷം ആരംഭിക്കുന്നതാണ്. ഇരിക്കൂർ, വിഴിഞ്ഞം ക്രാഫ്റ്റ് വില്ലേജുകൾ ഉദ്ഘാടനം ചെയ്യുന്നതിനും മുഴുപ്പിലങ്ങാട് കെ.ടി.ഡി.സി.യുടെ റിസോർട്ട് സ്ഥാപിച്ച് അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് കേന്ദ്രമായി വിക സിപ്പിക്കാനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. വിദേശ രാജ്യങ്ങൾ സന്ദർശിച്ച് കൂടുതൽ ട്രാവൽ മാർട്ടുകളിൽ പങ്കെടുത്തും റോഡ് ഷോ നടത്തിയും വിദേശ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതിക്ക് രൂപം കൊടുക്കുന്നതാണ്. പുതുതായി എട്ട് ഫയർ സ്റ്റേഷനുകൾ ഈ വർഷം

ആരംഭിക്കുന്നതാണ്. പാലക്കാട്, കോട്ടയം മേഖലകളിൽ പുതിയ മേഖലാ കാര്യാലയങ്ങൾ ഈ വർഷം ആരംഭിക്കുന്നതാണ്. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്സിന്റെ ഓഫീസുകളിലെ ഒഴിവുകൾ നികത്താൻ പി.എസ്.സി.ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മൂന്ന് മാസത്തിനകം എല്ലാ ഒഴിവുകളും നികത്താൻ സാധിക്കുന്നതാണ്. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്സിന്റെ നവീകരണത്തിനായി ഈ വർഷം 44 കോടി രൂപ ചെലവഴിക്കും. ജയിലുകളിലെ തടവുകാരുടെ ബാഹുല്യം കണക്കിലെടുത്ത് കൺവിക്ടഡ് പ്രിസണേഴ്സിനെ പൂർണ്ണമായും സെൻട്രൽ ജയിലുകളിലേയ്ക്കും റിമാന്റ് തടവുകാരെ സബ്ജയിലുകളിലേയ്ക്കും മാറ്റി പാർപ്പിക്കാനുള്ള പദ്ധതിക്ക് രൂപം കൊടുക്കുകയും അതിന്റെ ഭാഗമായി 8 പുതിയ ജയിലുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം മലപ്പുറം, പാലക്കാട്, കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിലായി നാല് പുതിയ ഡിസ്ട്രിക്ട് ജയിലുകളും പൂജപ്പുര ജയിലിനോട് ചേർന്ന് ഒരു സ്പെഷ്യൽ സബ്ജയിലും നിർമ്മിക്കുന്നതാണ്. ജയിലുകളിലേയ്ക്ക് 480 ജീവനക്കാരെ പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ട്. ജയിൽ വാർഡൻ ആയി നിയമനം ലഭിച്ചുവരുന്നവർ മറ്റേതെങ്കിലും ജോലി കിട്ടിയാൽ ഈ ജോലി ഉപേക്ഷിച്ചു പോകുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. അങ്ങനെ പെട്ടെന്ന് ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും സൈനിക വെൽഫെയർ ബോർഡ് വഴിയുമാണ് നികത്തിയിരുന്നത്. താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് പല തെറ്റായ നടപടികൾക്കും വഴി വയ്ക്കുന്നതായി കണ്ടതിനാൽ ഇത്തരം നിയമനങ്ങൾ അവസാനിപ്പിക്കുന്നതാണ്. ഇപ്പോഴുള്ള ഒഴിവുകൾ ജൂലൈ മാസത്തോടെ നികത്താനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ഒഴിവുവന്നാൽ താൽക്കാലിക നിയമനം നടത്തുന്നതിനും പകരം ഡെപ്യൂട്ടേഷനിൽ പോലീസുകാരെ നിയോഗിക്കുന്നതാണ്. ധനകാര്യ കമ്മീഷൻ കേരളത്തിന് അനുവദിച്ചിട്ടുള്ള 154 കോടി രൂപ ലഭിക്കുന്ന മുറയ്ക്ക് ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കും. ഒരു ഹൈടെക് ജയിൽ തൃശ്ശൂരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ജയിലുകളേയും കോടതികളേയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം തിരുവനന്തപുരത്തും തൃശ്ശൂരിലും നടപ്പാക്കി. കോഴിക്കോടും കണ്ണൂരും ഈ വർഷം തന്നെ നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ജയിൽ ആക്ട് അനുസരിച്ച് റൂൾസ് ഉണ്ടാക്കാനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. കെട്ടിക്കിടക്കുന്ന കേസ്സുകളിന്മേൽ തീർപ്പ് കൽപ്പിക്കാനായി കോടതികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഈ വർഷം കരുനാഗപ്പള്ളിയിൽ ഒരു പുതിയ കോടതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുടുംബകോടതികൾ തലശ്ശേരിയിലും വടകരയിലും ഈ വർഷം ആരംഭിക്കും. കേന്ദ്ര പദ്ധതി അനുസരിച്ച് 30 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് ഗ്രാമീണന്യായാലയങ്ങൾ ആരംഭിക്കുന്നതുസംബന്ധിച്ച് ഹൈക്കോടതിയുമായി ചർച്ച ചെയ്ത് തീരുമാനിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പോലീസിന്റെ പ്രവർത്തനം കേരളത്തിൽ മെച്ചപ്പെട്ടതാണെന്നാണ് കേന്ദ്ര സർക്കാരിന്റെ അഭിപ്രായം. 551 ഗുണ്ടകളെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചതുമൂലം ഗുണ്ടാ-മാഫിയാ സംഘത്തിന്റെ പ്രവർത്തനത്തിന് കടിഞ്ഞാണിടാൻ സാധിച്ചു. കൊലപാതക കണക്കു നോക്കിയാൽ ദേശീയ ശരാശരിയേക്കാളും കുറവാണ്. രാഷ്ട്രീയ കൊലപാതകങ്ങളും രാഷ്ട്രീയ സംഘർഷങ്ങളും കുറഞ്ഞിട്ടുണ്ട്. ഇടതുപക്ഷ സർക്കാർ അധികാ

രത്തിൽ വന്നാൽ ക്രമസമാധാനം നഷ്ടപ്പെടുമെന്ന പ്രചരണത്തിനെതിരായ അനുഭവമാണ് ഉണ്ടായിട്ടുള്ളത്. കേസന്വേഷണത്തിന്റെ കാര്യത്തിൽ കേരളാ പോലീസ് ഒട്ടും പിന്നിലല്ലെന്നാണ് ഹൈക്കോടതിതന്നെ പറഞ്ഞിട്ടുള്ളത്. മൂന്നാംമുറപോലുള്ള പ്രാകൃത നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശ നടപടികൾ സ്വീകരിക്കും. പ്രമാദമായ വധക്കേസ്സ് പ്രതികളേയും കവർച്ചക്കാരെയുമൊക്കെ യഥാസമയം നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയതിന്റെ ഫലമായി തെളിയിക്കപ്പെടാതെ കിടന്ന പല കേസ്സുകളും തെളിയിക്കാൻ സാധിച്ചിട്ടുണ്ട്. ക്രൈം ഇൻവെസ്റ്റിഗേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കും. ക്രൈം ഇൻവെസ്റ്റിഗേഷനും ലാ ആൻഡ് ഓർഡറിനും പ്രത്യേക സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്ന് സാർവ്വദേശീയ തലത്തിൽ പലതരത്തിലുള്ള തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. തീവ്രവാദ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനുള്ള നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ജമ്മുകാശ്മീരിൽ വ്യാജ ഐഡന്റിറ്റി കാർഡുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരളപോലീസ് നടത്തിയ ഇടപെടലിലൂടെയാണ് കേരളത്തിൽ നിന്നുള്ള ആളുകളും അതിൽ പങ്കാളികളാണെന്ന് മനസ്സിലാക്കുകയും അതുമായി ബന്ധപ്പെട്ടവരെ കണ്ടെത്തുകയും ചെയ്തിട്ടുള്ളത്. ആ കേസ് ഇപ്പോൾ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏറ്റെടുത്തിട്ടുണ്ടെങ്കിലും കേരളാ പോലീസ് കണ്ടെത്തിയ നിഗമനത്തിൽ നിന്ന് വ്യത്യസ്തമായി ഒരു പുതിയ കാര്യവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. തീവ്രവാദ പ്രവർത്തനത്തിലേർപ്പെടുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ഇൻഡ്യയ്ക്ക് പുറത്തുനടന്ന സംഭവത്തെക്കുറിച്ചുള്ള ആരോപണങ്ങൾ അന്വേഷിക്കാൻ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയെ ചുമതലപ്പെടുത്തിയതായി കേന്ദ്ര ഹോം സെക്രട്ടറിയുടെ പ്രസ്താവനയിൽ നിന്നും അറിയാൻ സാധിച്ചിട്ടുണ്ട്. ജനങ്ങളോട് പ്രതിബദ്ധതയുള്ള, ജാതിമത വർഗ്ഗീയ ശക്തികൾക്ക് ഇടപെടാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഇവിടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. മത വർഗ്ഗീയ ശക്തികൾ അധികാരത്തിൽ കയറുന്നത് തടയുക എന്ന ലക്ഷ്യം മുൻനിറുത്തിക്കൊണ്ടാണ് ഒന്നാം യു.പി.എ. ഗവൺമെന്റിന് ഇടതുപക്ഷ പാർട്ടികൾ പിന്തുണ നൽകിയത്. ഹിന്ദു രാഷ്ട്രം സ്ഥാപിക്കാനുള്ള ആർ.എസ്.എസ്- ബി.ജെ.പി. മത-വർഗ്ഗീയ ശക്തികളുടെ പരിശ്രമത്തെ ഇടതുപക്ഷ പാർട്ടികൾ ഒരിക്കലും അംഗീകരിക്കുകയില്ല. വാർഡ് പുന:സംഘടനയ്ക്കുശേഷം ആദ്യമായി വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ പാർട്ടികൾ അധികാരത്തിൽ തിരിച്ചുവരുമെന്ന് ഉറപ്പുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും 32 നെതിരെ 76 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.50-ന് പിരിഞ്ഞു.